തസ്തികകൾ പ്രമോഷൻ തസ്തികകളാണ്. അവ സീനിയോറിറ്റി അടിസ്ഥാനത്തിലും യോഗ്യതയുടെ അടിസ്ഥാനത്തിലും പ്രമോഷൻ നൽകി നികത്തപ്പെടുന്നതാണ്.

ഇടുക്കി, കോഴിക്കോട് ജില്ലകളിലെ സ്റ്റാഫ് നേഴ്സ്

156 (3346) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി, കോഴിക്കോട് ജില്ലകളിലെ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നേഴ്സുമാരുടെ എത്ര ഒഴിവുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജില്ലകളിൽ സ്റ്റാഫ് നേഴ്സുമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഈ ജില്ലകളിലെ റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര പേരെ വീതം നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ എട്ടും (8), കോഴിക്കോട് ജില്ലയിൽ ആറും (6) സ്റ്റാഫ് നേഴ്സുകളുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ സ്റ്റാഫ് നേഴ്സുമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിൽ ഉണ്ട്. കോഴിക്കോട് ജില്ലയിൽ സ്റ്റാഫ് നേഴ്സുമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിൽ ഇല്ല.

(സി) ഇടുക്കി ജില്ലയിലെ സ്റ്റാഫ് നേഴ്സുമാരുടെ ലിസ്റ്റിൽ നിന്നും 24 പേർക്ക് പോസ്റ്റിംഗ് ഓർഡർ നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 1996-ലെ റാങ്ക് ലിസ്റ്റിൽ നിന്നും 387 പേർക്ക് സ്റ്റാഫ് നേഴ്സുമാരായി നിയമനം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ താൽക്കാലിക നിയമനം

157 (3347) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ 1998 നവംബർ മാസം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക നിയമനം ലഭിച്ചിട്ടുള്ളവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ താൽക്കാലിക നിയമനം ലഭിച്ച എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ സർവ്വീസിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരുടെ സേവനം യഥാസമയം അവസാനിപ്പിക്കാതിരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താൽക്കാലിക നിയമനം ലഭിച്ചു ഒരു വർഷത്തിലേറെയായി സർവീസിൽ തുടരുന്ന ഇവർക്കെതിരെ കോടതി വിധി ഉണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ കോടതിവിധി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(എഫ്) ഇവരെ സർവ്വീസിൽ നിന്ന് നീക്കം ചെയ്ത് ആ ഒഴിവുകളിലേക്ക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ജി) ഇവരെ ഒരു വർഷത്തിൽ കൂടുതൽ സർവ്വീസിൽ തുടരാൻ അനുവദിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 61

(സി) കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉള്ളതാണ് കാരണം.

(ഡി) ഉണ്ട്.

(ഇ & എഫ്) കോടതി വിധിയനുസരിച്ച് പിരിച്ചുവിടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) കോടതി വിധിയുടെ അടിസ്ഥാനത്തിലും ആരോഗ്യ വകുപ്പു പരിശീലനം നൽകി രണ്ടു വർഷം നിർബന്ധ സേവനം വ്യവസ്ഥ ചെയ്തിട്ടുള്ള വരുമല്ലാതെയുള്ളവരെ ഒരു വർഷത്തിൽ കൂടുതൽ തുടരാൻ അനുവദിച്ചിട്ടില്ല.

സാന്ത്വന ചികിത്സാ സമ്പ്രദായം

158 (3348) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാന്ത്വന ചികിത്സാ സമ്പ്രദായം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് ;

(സി) ഈ ചികിത്സയുടെ പ്രത്യേകതകൾ എന്തെല്ലാം ;

(ഡി) ഈ ചികിത്സയിൽ കഴിയുന്നവരുടെ കണക്കെടുത്തിട്ടുണ്ടോ ;

(ഇ) മാറാരോഗികളുടെ സാന്ത്വന ചികിത്സക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly